

TUESDAY 07-03-2023 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


**FARM INFORMATION BUREAU**

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor : PADMAM S** **Editor : Dr. BINU HARRIET IVAN**



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-07/03/2023.

1. ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ കീഴിലുള്ള ആലപ്പുഴ ജില്ലയിലെ കളർകോട് പ്രവർത്തിക്കുന്ന കമ്മ്യൂണിറ്റി റേഡിയോ നിലയത്തിലേക്ക് കാഷ്വൽ പ്രൊഡക്ഷൻ അസിസ്റ്റന്റ് തസ്തികയിൽ 1075/- രൂപ ദിവസവേതന നിരക്കിൽ കരാർ നിയമനം നടത്തുന്നതിനുവേണ്ടി 09.03.2023 ന് വാക്-ഇൻ-ഇന്റർവ്യൂ ആലപ്പുഴ കളർകോട് കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷൻ, വിത്തു പരിശോധനാകേന്ദ്രത്തിൽ വച്ച് നടത്തുന്നു. 8 ഒഴിവുകളിലേക്കാണ് ഇന്റർവ്യൂ നടത്തുന്നത്. (കുട്ടനാട് റേഡിയോ നിലയത്തിൽ പരിപാടികൾ തയ്യാറാക്കുന്നതിനും അവതരിപ്പിക്കുന്നതിനും 15 കാഷ്വൽ പ്രൊഡക്ഷൻ അസിസ്റ്റന്റുമാരുടെ പാനൽ തയ്യാറാക്കുന്നതിലേക്ക് വാക്-ഇൻ-ഇന്റർവ്യൂ മുഖേനയും തെരെഞ്ഞടുക്കുന്നതാണ്.) ഏതെങ്കിലും അംഗീകൃത സർവ്വകലാശാലയിൽ നിന്നും ലഭിച്ചിട്ടുള്ള ബിരുദമാണ് യോഗ്യത. റേഡിയോ പരിപാടികൾ തയ്യാറാക്കുന്നതിലുള്ള പരിജ്ഞാനം/അവതരിപ്പിക്കാനുള്ള കഴിവ് തുടങ്ങിയ അഭിരുചികൾ ഉണ്ടായിരിക്കണം. വാണി സർട്ടിഫിക്കറ്റുള്ളവർക്ക് മുൻഗണന ലഭിക്കും. ഇന്റർവ്യൂവിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന നിശ്ചിത യോഗ്യതകൾ ഉള്ള ഉദ്യോഗാർത്ഥികൾ 09/03/2023ന് രാവിലെ 9 മണി മുതൽ 11 മണി വരെ നടക്കുന്ന സർട്ടിഫിക്കേറ്റ് പരിശോധനയ്ക്ക് ഹാജരാകേണ്ടതാണ്. സർട്ടിഫിക്കേറ്റ് പരിശോധന സമയത്ത് വിദ്യാഭ്യാസ യോഗ്യത, എസ്.എസ്.എൽ.സി. ബുക്ക്, പ്രവൃത്തി പരിചയം, എന്നിവ തെളിയിയ്ക്കുന്ന അസൽ സർട്ടിഫിക്കറ്റുകളും ആയവയുടെ പകർപ്പുകളും ഹാജരാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നം. 0471-2318186 ബന്ധപ്പെടുക.

2. കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയിലെ ബയോടെക്നോളജി ഡിപ്പാർട്ട്മെന്റിൽ 10000 ടിഷ്യൂകൾച്ചർ വാഴതൈകൾ വില്പനക്ക്. കൂടുതൽ വിവരങ്ങൾക്ക് 9048178101, 9745884964 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

3. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ 25 മെട്രിക് ടൺ വരെ ഉള്ളി സംഭരിച്ച് വയ്ക്കുന്നതിനുള്ള 'ഒണിയൻ സ്റ്റോറേജ് സ്ട്രക്ചർ' നിർമ്മിക്കുന്നതിന് യൂണിറ്റൊന്നിന് ചെലവിന്റെ 50% പരമാവധി 87500/- രൂപ ധനസഹായം നൽകുന്നു. കർഷകർ, കൂട്ടായ്മകൾ, സംരംഭകർ, കച്ചവടക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവർക്ക് അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് സംസ്ഥാന

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഹോർട്ടികൾച്ചർ മിഷൻ-കേരള, യൂണിവേഴ്സിറ്റി പി.ഒ., പാളയം, തിരുവനന്തപുരം, എന്ന മേൽവിലാസത്തിലോ, **0471 2330857, 9188954089** എന്ന ഫോൺ നമ്പരിലോ, www.shm.kerala.gov.in എന്ന വെബ്സൈറ്റിലോ ബന്ധപ്പെടുക.

**പരിശീലന പരിപാടി**

4. ക്ഷീര വികസന വകുപ്പിന്റെ വലിയതുറയിൽ പ്രവർത്തിക്കുന്ന തീറ്റ പുൽ കൃഷി വികസന പരിശീലന കേന്ദ്രത്തിൽ ക്ഷീര കർഷകർക്ക് മാർച്ച് 9, 10 തീറ്റ പുൽ കൃഷിയിൽപരിശീലനം നല്കുന്നു.രജിസ്ട്രേഷൻ ഫീസ് 20 രൂപ. ആധാർ, ബാങ്ക് പാസ്സ് ബുക്ക് എന്നിവയുടെ പകർപ്പുകൾ കൈയ്യിൽ കരുതേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471-2501706/9400831831 എന്നീ നമ്പരുകളിൽ വിളിക്കുക അല്ലെങ്കിൽ whatsapp ചെയ്യുക .

5. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) ഷീറ്റുറബ്ബർ സംസ്കരണം, തരംതിരിക്കൽ എന്നിവയിൽ മാർച്ച് 09, 10 തീയതികളിൽ പരിശീലനം നടത്തുന്നു. റബ്ബർപാൽ സംഭരണം, ഷീറ്റുറബ്ബർ നിർമ്മാണം, പുകപ്പുരകൾ, ഗ്രേഡിങ് സംബന്ധിച്ച 'ഗ്രീൻബുക്ക്' നിബന്ധനകൾ എന്നിവയാണ് പരിശീലന വിഷയങ്ങൾ. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 04812353127 എന്ന ഫോൺ നമ്പരിലോ 04812353201 എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാം. ഇ മെയിൽ: training@rubberboard.org.in

**കാർഷിക നിർദ്ദേശങ്ങൾ**

നെൽപ്പാടങ്ങളിൽ തണ്ടുതുരപ്പന്റെ ആക്രമണം കണ്ടുവരുന്നു. പാലക്കാട് ജില്ലയിൽ പട്ടിത്തറ, തൃത്താല ഭാഗങ്ങളിലാണ് ഈ കീടാക്രമണം വളരെ കൂടുതലായി കണ്ടുവരുന്നത്. നെല്ലിന്റെ എല്ലാ വളർച്ചാഘട്ടങ്ങളിലും കാണുന്ന ഈകീടം മഞ്ഞനിറത്തിലോ വെള്ളനിറത്തിലോ ഉള്ള ശലഭങ്ങളാണ്. ഇവ നെല്ലോലകളുടെ മുകൾഭാഗത്തു കൂട്ടമായി മുട്ടയിടുകയും മുട്ടവിരിഞ്ഞിറങ്ങുന്ന പുഴുക്കൾ നെൽച്ചെടിയുടെ തണ്ടുതുരന്നു ഉള്ളിലെ കോശങ്ങൾ തിന്നുതീർക്കുകയും ചെയ്യുന്നു. നെല്ലിന്റെ ചിനപ്പ് പൊട്ടുന്ന ഘട്ടത്തിൽ ഇവയുടെ ആക്രമണം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മൂലം നാമ്പോല വാടിപ്പോവുകയും നടുനാമ്പുവാട്ടം എന്ന ലക്ഷണം കാണുകയും ചെയ്യുന്നു. കതിരുവരുന്ന ഘട്ടത്തിലാണ് തണ്ടുതുരപ്പൻ ആക്രമിക്കുന്നതെങ്കിൽ കതിരിലെ നെന്മണികൾ എല്ലാം പതിരായി മാറുന്ന വെൺകതിർ എന്ന ലക്ഷണം കാണിക്കുന്നു. നെല്ലിലെ തണ്ടുതുരപ്പനെ നിയന്ത്രിക്കുന്നതിനായി, ട്രൈക്കോഗ്രമ്മ ജാപോണിക്കത്തിന്റെ മുട്ടക്കാർഡുകൾ ഒരു ഏക്കറിന് 2cc എന്ന കണക്കിൽ ഞാറു പറിച്ചു നട്ടു ഒരാഴ്ചക്ക് ശേഷം സ്ഥാപിക്കുക (ട്രൈക്കോഗ്രമ്മ മുട്ടകാർഡ് ഏക്കറിന് 2 കാർഡ് 20 കഷണം, 5 സെൻറ്റിനു 1 കഷണം). ശലഭത്തെ നെൽചെടിയിൽ കണ്ടു തുടങ്ങിയാൽ കാർടാപ് ഹൈഡ്രോക്ലോറൈഡ് എന്ന തരി രൂപത്തിലുള്ള കീടനാശിനി ഒരു ഏക്കറിന് 5 കിലോ ഗ്രാം എന്ന തോതിൽ അല്ലെങ്കിൽ ക്ലോറാൻട്രാനിലിപ്രോൽ 4 ഗ്രാം ഒരു ഏക്കറിന് 4 കിലോഗ്രാം എന്നതോതിൽ അല്ലെങ്കിൽ ഫിപ്രോനിൽ 3 ഗ്രാം ഒരു ഏക്കറിന് 6 കിലോഗ്രാം എന്ന തോതിൽ ഇട്ടു കൊടുക്കുക. നെൽപ്പാടങ്ങളിൽ ഉണ്ടാകാൻ സാധ്യതയുള്ള ലക്ഷ്മി രോഗത്തിനെതിരെ മുൻകരുതലുകൾ എടുക്കാവുന്നതാണ്. കതിര് വരുന്ന സമയത്ത് നെൽച്ചെടികളെ ബാധിക്കുന്ന കുമിൾ രോഗമാണ് ലക്ഷ്മിരോഗം അഥവാ വാരിപ്പൂവ്. സാധാരണയായി മൂടിക്കെട്ടിയ അന്തരീക്ഷസ്ഥിതിയിലാണ് ഈ രോഗം കാണപ്പെടുന്നത്. നിലവിൽ ചൂടുകൂടിയ അന്തരീക്ഷസ്ഥിതി ഉണ്ടെങ്കിലും 2 മുതൽ 3 ദിവസം വരെ മൂടിക്കെട്ടിയ അന്തരീക്ഷ സ്ഥിതി നിലനിൽക്കുന്ന ഇടങ്ങളിൽ ലക്ഷ്മി രോഗം വരാനുള്ള സാധ്യത കൂടുതലാണ്. വിളഞ്ഞുവരുന്ന കതിരുകളിലെ ചില നെന്മണികൾ മഞ്ഞനിറത്തിൽ ഉരുണ്ട് പഞ്ഞിപോലെയാകുന്നതാണ് രോഗലക്ഷണം. കതിരുവരാത്ത പാടങ്ങളിൽ ലക്ഷ്മി രോഗം വരുന്നതിനു മുൻകരുതലായി പുട്ടിൽ പരുവത്തിൽ എത്തുമ്പോൾ തന്നെ പ്രൊപികൊണസോൾ 1 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിക്കാവുന്നതാണ്.